(സി) ബാധകമാണ്.

(ഡി) ഇല്ല.

(ഇ) കേരള പബ്ലിക് സർവീസ് കമ്മീഷൻ അനുവർത്തിച്ചുവരുന്ന റൊട്ടേഷൻ ചാർട്ട് അനുസരിച്ചുള്ള സംവരണമാണ് കേപ്പിലെ സ്ഥിരം നിയമനങ്ങളിൽ പാലിച്ചുവരുന്നത്.

ത്രിവേണി സ്റ്റോറുകൾ

166 (533) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന് കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ത്രിവേണി, സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിനുകീഴിൽ 231 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്റ്റോറുകളുടെ മേഖലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികമാന്ദ്യംമൂലം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിലും പരമാവധി നിത്യോപയോഗ സാധനങ്ങൾ സ്റ്റോറുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിന്റെ വിവിധ ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് ത്രിവേണി സ്റ്റോറുകളിൽ പരമാവധി സ്റ്റോക്ക് എത്തിക്കുന്നതിനും സർക്കാർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വായ്പകൾ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളിൽ ആവശ്യമായ സാധനങ്ങൾ സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly